"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - രജിസ്ട്രേഷൻ - കുറുപ്പംപടി സബ് രജിസ്ട്രാറാഫീസിൽ 776/1/2024 നമ്പരായി രജിസ്റ്റർ ചെയ്ത ആധാരത്തിന് ഒടുക്കിയ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന് റീഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജെ) വകുപ്പ്

സ.ഉ.(കൈ) നം.43/2025/TAXES തീയതി,തിരുവനന്തപുരം, 08-05-2025

പരാമർശം:-

1. 08/07/2024 തീയതിയിലെ ജി.ഒ (പി) നം.93/2024/ടാക്സസ് (എസ് ആർ ഒ നം. 597/2024)
2. 08/07/2024 തീയതിയിലെ ജി.ഒ (പി) നം.94/2024/ടാക്സസ് (എസ് ആർ ഒ നം. 598/2024)
3. ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സമർപ്പിച്ച 19/07/2024 തീയതിയിലെ അപേക്ഷ
4. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 02/12/2024 തീയതിയിലെ ഐജിആർ/4576/2024-ആർആർ7 നമ്പർ കത്ത്

ഉത്തരവ്

ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന് 99.34 ആർ വസ്തുവും കെട്ടിടവും ഋഷികുലം ചാരിറ്റബിൾ ട്രസ്റ്റ് ദാനാധാരമായി നൽകി എന്നും പ്രസ്തുത ആധാരത്തിന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസിലും ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്ന സാഹചര്യത്തിൽ ട്രസ്റ്റ് ഒടുക്കിയ 21,17,305/- രൂപ റീഫണ്ട് അനുവദിക്കണമെന്നഭ്യർത്ഥിച്ച് ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) രായമംഗലം വില്ലേജ് ബ്ലോക്ക് 19 റീസർവ്വേ 52/4/2, 52/4/3, 52/4/4, 52/4, 52/9/5, 5/21 സർവ്വേ 357, 356 ൽ പെട്ട 99.34 ആർ വസ്തുവും കെട്ടിടവും ഋഷികുലം ചാരിറ്റബിൾ ട്രസ്റ്റിനു വേണ്ടി ഇപ്പോഴത്തെ പ്രസിഡന്റ് കാർണീസ് എൻ.കെ എന്നവർ ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിനുവേണ്ടി ദാനാധാരപ്രകാരം എഴുതിക്കൊടുത്തിരുന്നു. ടി ആധാരത്തിൽ സൂചിപ്പിച്ചിട്ടുള്ള GO(MS).No.265/64/REV dated 15.04.1964 (SRO.No.111/64) ഉത്തരവ് പ്രകാരം, ചാരിറ്റബിൾ ആന്റ് റിലീജിയസ് ആവശ്യങ്ങൾക്കു വേണ്ടിയുള്ള ടി ആധാരത്തിന് 4 % സ്റ്റാമ്പ് ഡ്യൂട്ടിയും 2 % ഫീസും ചുമത്തിയിട്ടുള്ളതും അപ്രകാരം ₹3,52,85,000/-(മൂന്ന് കോടി അമ്പത്തിരണ്ട് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) മതിപ്പുവിലയുള്ള പട്ടിക വസ്തുവകകൾക്ക്

₹14,11,400/- (പതിനാല് ലക്ഷത്തി പതിനൊന്നായിരത്തി നാന്നൂറ് രൂപ മാത്രം) മുദ്രയും ₹7,05,905/-(ഏഴ് ലക്ഷത്തി അയ്യായിരത്തി തൊള്ളായിരത്തി അഞ്ച് രൂപ മാത്രം) ഫീസും ഉൾപ്പെടെ ₹21,17,305/-(ഇരുപത്തി ഒന്ന് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി അഞ്ച് രൂപ മാത്രം) GRN : KL00085816202425M ചലാൻ മുഖേന വർക്കല സബ് ട്രഷറിയിൽ ഒടുക്കുകയും അത് പ്രകാരം ആധാരം 08.04.2024 തീയതിയിൽ കുറുപ്പംപടി സബ് രജിസ്ട്രാറാഫീസിൽ 776/1/2024 നമ്പരായി രജിസ്റ്റർ ചെയ്യുകയുമുണ്ടായി.

3) പരാമർശം (1) പ്രകാരം ടി ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ഫീസ് ഒഴിവാക്കിയും പരാമർശം (2) പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയും ഉത്തരവുകളും പുറപ്പെടുവിച്ചിരുന്നു. ആധാര രജിസ്ട്രേഷൻ നടന്നതിനു ശേഷമാണ് സർക്കാർ തീരുമാനമുണ്ടായതും, ടി ഉത്തരവുകൾ പുറപ്പെടുവിച്ചതും. ആധാര രജിസ്ട്രേഷൻ നടന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടാത്തതിനാലാണ് അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കേണ്ടി വന്നത്.

4) സർക്കാർ ഉത്തരവിലൂടെ നൽകുന്ന ഇളവുകൾ അത്തരം ഉത്തരവുകൾ പുറപ്പെടുവിച്ച തീയതി മുതലാണ് പ്രാബല്യം ലഭിക്കുന്നത്. എന്നാൽ ടി റീഫണ്ട് അപേക്ഷ പരിശോധിച്ചതിൽ നിന്നും ആധാരം രജിസ്റ്റർ ചെയ്ത് 3 മാസകാലയളവിനു ശേഷമാണ്, മുദ്രവില, ഫീസ് എന്നിവ ഇളവ് ചെയ്ത ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ 30.12.2013 തീയതിയിലെ 16995/E2/2010/നി.വ. നമ്പർ സർക്കുലർ പ്രകാരം മുദ്രസല പതിച്ച് രജിസ്റ്റർ ചെയ്ത ഒരു പ്രമാണത്തിന്റെ മുദ്രവില മുൻകാല പ്രാബല്യം നൽകി റീഫണ്ട് ചെയ്യണമെന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ സാഹചര്യത്തിൽ പ്രസ്തുത മുദ്രവില, രജിസ്ട്രേഷൻ ഫീസ് ഇളവ് ഉത്തരവുകൾ പുതുക്കി അനുവദിച്ചാൽ മാത്രമേ അപേക്ഷകന് റീഫണ്ടിനുള്ള അർഹതയുള്ളൂ എന്നും, ഈ കാര്യത്തിൽ സർക്കാർ തലത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 08.04.2024 തീയതിയിൽ കുറുപ്പംപടി സബ് രജിസ്ട്രാറാഫീസിൽ ആധാര രജിസ്ട്രേഷൻ നടന്നു കഴിഞ്ഞു. എന്നാൽ അതിനുശേഷമാണ് പ്രസ്തുത ആധാരത്തിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഇളവ് നൽകിക്കൊണ്ട് പരാമർശം (1), (2) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ചു കൊണ്ട് ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്, സ്റ്റാമ്പ് ഡ്യൂട്ടിയായും രജിസ്ട്രേഷൻ ഫീസായും അടച്ച തുക റീഫണ്ട് ചെയ്തു നൽകുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

6) മേൽ സാഹചര്യത്തിൽ, കുറുപ്പംപടി സബ് രജിസ്ട്രാറാഫീസിൽ 776/1/2024 നമ്പരായി രജിസ്റ്റർ ചെയ്ത ആധാരത്തിന് മുദ്രവിലയിനത്തിൽ ഈടാക്കിയ ₹14,11,400/- (പതിനാല് ലക്ഷത്തി പതിനൊന്നായിരത്തി നാന്നൂറ് രൂപ മാത്രം) ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന് റീഫണ്ട് അനുവദിക്കുന്നതിന് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയും, രജിസ്ട്രേഷൻ ഫീസിനത്തിൽ ഈടാക്കിയ ₹7,05,905/-(ഏഴ് ലക്ഷത്തി അയ്യായിരത്തി തൊള്ളായിരത്തി അഞ്ച് രൂപ മാത്രം) ടി ട്രസ്റ്റിന് റീഫണ്ട് അനുവദിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
റവന്യൂ ഡിവിഷണൽ ഓഫീസർ, മൂവ്വാറ്റുപുഴ
ജില്ലാ രജിസ്ട്രാർ (ജനറൽ), എറണാകുളം
ജനറൽ സെക്രട്ടറി, ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ്, ശിവഗിരി, വർക്കല - 695141
സബ് രജിസ്ട്രാർ, കുറുപ്പം പടി, എറണാകുളം.
പൊതുഭരണ (എസ്.സി) വകുപ്പ് (30/04/2025 തീയതിയിലെ ഇനം നം. 2886 പ്രകാരം)
ധനകാര്യ വകുപ്പ് (28/02/2025 തീയതിയിലെ Exp-B1/58/2025-Fin പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sabu Thomas T
Date: 09-05-2025 10:41:54
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 30-04-2025

ഫയൽ നം. ജെ1/218/2024/നി.വ. ഇനം നം: 2886

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന് ദാനാധാരമായി ലഭിച്ച സ്വത്തുവകകളുടെ രജിസ്ട്രേഷന്, മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒടുക്കിയത് റീഫണ്ട് ചെയ്ത് ലഭിക്കുന്നതിന് ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(J) 2/5/25

2886

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നം.	ജെ1/218/2024/നി.വ
2	വകുപ്പ്	നികുതി (ജെ) വകുപ്പ്
3	വിഷയം	നികുതി വകുപ്പ് - രജിസ്ട്രേഷൻ - ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന് ദാനാധാരമായി ലഭിച്ച സ്വത്തുവകകളുടെ രജിസ്ട്രേഷന്, മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒടുക്കിയത് റീഫണ്ട് ചെയ്ത് ലഭിക്കുന്നതിന് ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.
4	മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	21.03.2025
5	(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	അതെ അതെ
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	അതെ
7	കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്	ശ്രീ. പ്രമോദ്.എം.വി
8	കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്	ഡോ.എ.ജയതിലക്
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	29.03.2025
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	ശ്രീമതി.ശാരദ മുരളീധരൻ
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	19.04.2025
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	23.04.2025
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	25.04.2025
15	മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന് ദാനാധാരമായി ലഭിച്ച സ്വത്തുവകകളുടെ രജിസ്ട്രേഷന്, മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒടുക്കിയത് റീഫണ്ട് ചെയ്ത് ലഭിക്കുന്നതിന് ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ സംബന്ധിച്ചതാണീ കുറിപ്പ്.

2. രായമംഗലം വില്ലേജ് ബ്ലോക്ക് 19 റീസർവ്വേ 52/4/2, 52/4/3, 52/4/4, 52/4, 52/9/5, 5/21 സർവ്വേ 357, 356 ൽ പെട്ട 99.34 ആർ വസ്തുവും കെട്ടിടവും ഋഷികുലം ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് കാർണീസ് എൻ.കെ എന്നവർ ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിനുവേണ്ടി ദാനാധാരപ്രകാരം എഴുതിക്കൊടുത്തിരുന്നു. ടി ആധാരത്തിൽ സൂചിപ്പിച്ചിട്ടുള്ള GO(MS).No.265/64/REV dated 15.04.1964 (SRO.No.111/64) ഉത്തരവ് പ്രകാരം, ചാരിറ്റബിൾ ആന്റ് റിലീജിയസ് ആവശ്യങ്ങൾക്ക വേണ്ടിയുള്ള ടി ആധാരത്തിന് 4% സ്റ്റാമ്പ് ഡ്യൂട്ടിയും 2% ഫീസും ചുമത്തിയിട്ടുള്ളതും അപ്രകാരം ₹3,52,85,000/- (മൂന്ന് കോടി അമ്പത്തിരണ്ട് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) മതിപ്പുവിലയുള്ള പട്ടിക വസ്തുവകകൾക്ക് 14,11,400/- (പതിനാല് ലക്ഷത്തി പതിനൊന്നായിരത്തി നാനൂറ് മാത്രം) രൂപ മുദ്രയും ₹7,05,905/- (ഏഴ് ലക്ഷത്തി അയ്യായിരത്തി തൊള്ളായിരത്തി അഞ്ച് രൂപ മാത്രം) ഫീസും ഉൾപ്പെടെ 21,17,305/- രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി അഞ്ച് രൂപ മാത്രം) GRN : KL00085816202425M ചലാൻ മുഖേന വർക്കല സബ് ട്രഷറിയിൽ ഒടുക്കുകയും അത് പ്രകാരം ആധാരം 08.04.2024 തീയതിയിൽ കുറുപ്പംപടി സബ് രജിസ്ട്രാറാഫീസിൽ 776/1/2024 നമ്പരായി രജിസ്റ്റർ ചെയ്യുകയുമുണ്ടായി

3. 03/07/2024 തീയതിയിൽ ചേർന്ന മന്ത്രിസഭായോഗത്തിന്റെ ഇനം.നം. 2451 തീരുമാന പ്രകാരം മേൽ ആവശ്യത്തിനു വേണ്ടിയുള്ള മുദ്രവിലയും, ഫീസും ഒഴിവാക്കിയിരുന്നു. 08.07.2024 തീയതിയിൽ G.O(P)No.93/2024/TD (S.R.O.No.597/2024) നമ്പർ ഉത്തരവ് പ്രകാരം ടി ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ഫീസ് ഒഴിവാക്കിയും 08.07.2024 തീയതിയിൽ G.O(P)No.94/2024/TD (S.R.O.No.598/2024) നമ്പർ ഉത്തരവ് പ്രകാരം സ്റ്റാമ്പ്ഡ്യൂട്ടി ഒഴിവാക്കിയും ഉത്തരവുകളും പുറപ്പെടുവിച്ചിരുന്നു. ആധാര രജിസ്ട്രേഷൻ നടന്നതിനു ശേഷമാണ് മന്ത്രിസഭാ യോഗ തീരുമാനമുണ്ടായതും, ടി ഉത്തരവുകൾ പുറപ്പെടുവിച്ചതും.

4. സർക്കാർ ഉത്തരവിലൂടെ നൽകുന്ന ഇളവുകൾ അത്തരം ഉത്തരവുകൾ പുറപ്പെടുവിച്ച തീയതി മുതലാണ് പ്രാബല്യം ലഭിക്കുന്നത്. എന്നാൽ ടി റീഫണ്ട് അപേക്ഷ പരിശോധിച്ചതിൽ നിന്നും ആധാരം രജിസ്റ്റർ ചെയ്ത് 3 മാസകാലയളവിനു ശേഷമാണ്, മുദ്രവില, ഫീസ് എന്നിവ ഇളവ് ചെയ്ത ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ 30.12.2013 തീയതിയിലെ 16995/E2/2010/നി.വ. നമ്പർ സർക്കുലർ പ്രകാരം മുദ്രസല പതിച്ച് രജിസ്റ്റർ ചെയ്ത ഒരു പ്രമാണത്തിന്റെ മുദ്രവില മുൻകാല പ്രാബല്യം നൽകി റീഫണ്ട് ചെയ്യണമെന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ മേൽ സാഹചര്യത്തിൽ പ്രസ്തുത മുദ്രവില, രജിസ്ട്രേഷൻ ഫീസ് ഇളവ് ഉത്തരവുകൾ പുതുക്കി അനുവദിച്ചാൽ മാത്രമേ അപേക്ഷകന് റീഫണ്ടിനുള്ള അർഹതയുള്ളൂ എന്നും, ഈ കാര്യത്തിൽ സർക്കാർ തലത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. നിയമ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"1959- ലെ കേരള സ്റ്റാമ്പ് ആക്ടിലെയും, 1908 -ലെ രജിസ്ട്രേഷൻ ആക്ടിലെയും രജിസ്ട്രേഷൻ ഫീസും മുദ്രവിലയും സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു,-

" 9. Power to reduce, remit or compound duties.

(1) The Government may, by order published in the Gazette,-

(a) reduce or remit, whether prospectively, or retrospectively in the whole or any part of the State of Kerala, if in the opinion of the Government it is necessary in public interest so to do, the duties with which any particular class of instruments or any of the instruments belonging to such class, or any instruments when executed by or in favour of any particular class of persons, or by or in favour of any member of such class, are chargeable; and

(b) provide for the composition of consolidation of duties in the case of issues by any incorporated company or other body corporate of bonds or other marketable securities other than debentures.

(2) Every rule or order published under clause (a) of sub-section (1) shall be laid, as soon as may be after it is published before the Legislative Assembly.B. Of Stamps and the mode of using them."

2) 1908 ലെ REGISTRATION ACT, Section 78 - Fees to be fixed by State Government

In Section 78,

*********** ********** **********

The following sub-section shall be inserted, namely:-

"(2) The State Government may, if in their opinion it is necessary in the public interest so to do, by order published in the Official Gazette, remit the fees payable in respect of any of the matters enumerated in clauses (a) to (i) of sub-section (1), either generally or for any particular class or classes of cases and in respect of persons generally or of any particular class or classes of persons."

3) മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവിലൂടെ, പൊതുതാൽപ്പര്യത്തിൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ instruments, അല്ലെങ്കിൽ അത്തരം വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും instruments ടെ stamp duty കേരള സംസ്ഥാനത്തിന്റെ മുഴുവനായോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തോ മുൻകാല പ്രാബല്യത്തോടെയോ അല്ലാതെയോ പൊതുതാത്പര്യാർത്ഥം reduce അല്ലെങ്കിൽ remit ചെയ്യാവുന്നതാണ്.

4) 30.12.2013 തീയതിയിലെ 16995/E2/2010/നി.വ. പ്രകാരം മുദ്രസല പതിച്ച് രജിസ്റ്റർ ചെയ്ത ഒരു പ്രമാണത്തിന്റെ മുദ്രവില മുൻകാല പ്രാബല്യം നൽകി റീഫണ്ട് ചെയ്യണമെന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്ന് ഉത്തരവായിട്ടുള്ളതാകുന്നു. ടി സർക്കുലർ നിലനിൽക്കവേ G.O(P)No.93/2024/TD S.R.O.No.597/2024, G.O(P)No.94/2024/TD (S.R.O.No.598/2024) നമ്പർ ഉത്തരവുകൾ പ്രകാരം രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കാൻ സാധിക്കുമോ എന്നതാണ് ആരാഞ്ഞിട്ടുള്ളത്.

5) രജിസ്ട്രേഷൻ ഫീസും മുദ്രവിലയും ഒടുക്കിയത് റീഫണ്ട് ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ നിയമത്തിൽ ഇല്ലാത്തതിനാൽ, പൊതു താല്പര്യാർത്ഥം മുൻനിർത്തി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന് ഒടുക്കിയ മുദ്രവില ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച് 1959 ലെ Kerala Stamp Act, വകുപ്പ് 9 പ്രകാരം സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്".

6) ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

" 1964 -ലെ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും 50 ശതമാനം ഇളവ് നൽകി പരാമർശിത ആധാരം നടന്നു കഴിഞ്ഞു. എന്നാൽ അതിനുശേഷമാണ് പ്രസ്തുത ആധാരത്തിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഇളവ് നൽകിക്കൊണ്ട് ഭരണ വകുപ്പ് മന്ത്രിസഭ തീരുമാനത്തോടു കൂടി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. രായമംഗലം വില്ലേജ് ബ്ലോക്ക് 19 റീസർവ്വേ 52, 5 സർവ്വേ 357, 356 ൽ പെട്ട 99.34 ആർ വസ്തുവും കെട്ടിടവും കൂടി ഋഷികുലം ചാരിറ്റബിൾ ട്രസ്റ്റിനു വേണ്ടി ഇപ്പോഴത്തെ പ്രസിഡന്റ് കാർണീസ് എൻ.കെ എന്നവർ ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിനുവേണ്ടി എഴുതിക്കൊടുത്ത ആധാരത്തിനു മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും ഒഴിവ് നൽകുന്നതിനാണ് മന്ത്രിസഭ തീരുമാനം എന്നുള്ളതിനാൽ 08.04.2024 തീയതിയിൽ കുറുപ്പംപടി സബ് രജിസ്ട്രാറാഫീസിൽ 776/1/2024 നമ്പരായി രജിസ്റ്റർ ചെയ്ത ആധാരത്തിന് വേണ്ടി ഒടുക്കിയ രജിസ്ട്രേഷൻ ഫീസ് സ്റ്റാമ്പ് ഡ്യൂട്ടിയും ചേർത്ത് ആകെ 21,17,305/- റീഫണ്ട് ചെയ്ത് നൽകുന്നതിൽ ധനകാര്യവകുപ്പിന് എതിർപ്പില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

7) 30/12/2013-ലെ 16995/ഇ 2/2010/നി.വ. നമ്പർ സർക്കുലറിൽ നിയമപ്രകാരം മുദ്രവില പതിച്ച് രജിസ്റ്റർ ചെയ്ത ഒരു പ്രമാണത്തിന്റെ മുദ്രവില മുൻകാല പ്രാബല്യം നൽകി റീഫണ്ട് ചെയ്യണമെന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തെ മറി കടന്നുവേണം, ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന്റെ അപേക്ഷ പരിഗണിക്കേണ്ടത്. 08/04/2024 -ൽ കുറുപ്പംപടി സബ് രജിസ്ട്രാർ ഓഫീസിൽ 776/1/2024 നമ്പരായി രജിസ്റ്റർ ചെയ്ത ആധാരത്തിനു വേണ്ടി ഒടുക്കിയ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ചേർത്ത് ആകെ തുകയായ 21,17,305/- രൂപ ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, റീഫണ്ട് അനുവദിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കാമോ എന്ന ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

തീരുമാനിക്കേണ്ട വിഷയം

08/04/2024 -ൽ കുറുപ്പംപടി സബ് രജിസ്ട്രാർ ഓഫീസിൽ 776/1/2024 നമ്പരായി രജിസ്റ്റർ ചെയ്ത ആധാരത്തിനു വേണ്ടി ഒടുക്കിയ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ചേർത്ത് ആകെ തുകയായ 21,17,305/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി അഞ്ച് രൂപ മാത്രം) ഒരു പ്രത്യക കേസായി പരിഗണിച്ച് ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന് റീഫണ്ട് ചെയ്ത് നൽകാമോ ?